**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2022-23 - കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ - കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഫയർ ഫൈറ്റിംഗ് സംവിധാനവും വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിനുമായി നൽകിയ ഭരണാനുമതി 'കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പഴയ ഫെയർ കോപ്പി സെക്ഷൻ നവീകരണം' എന്ന പ്രവൃത്തിയ്ക്ക് മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2844/2024/RD തീയതി,തിരുവനന്തപുരം, 30-11-2024

---

പരാമർശം:-

1. 06.08.2022 തീയതിയിലെ സ.ഉ (സാധാ) നം.3369/2022/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.08.2023, 13.10.2023, 10.10.2024 തീയതികളിലെ എൽആർ/9214/2022-എൽആർ(എം1) നമ്പർ കത്തുകൾ.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയ്ക്ക് 4800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 70 പ്രവൃത്തികളിൽ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഫയർ ഫൈറ്റിംഗ് സംവിധാനവും വാട്ടർ ടാങ്കും സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്.

2] കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന്റെ ഭാഗമായിട്ടുള്ള വാട്ടർ ടാങ്ക് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയ വേളയിൽ നിലവിലെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് ഫയർ റസിസ്റ്റിംഗിനു വേണ്ട വാട്ടർ ടാങ്ക് നിർമ്മാണത്തിന് ആവശ്യമായ സംഭരണ ശേഷിയുള്ള സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഇല്ലെന്നും അതിനായി പുതിയ സ്ട്രക്ച്ചർ നിർമ്മിക്കേണ്ടതായി വരുമെന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും സിവിൽ സ്റ്റേഷൻ പരിസരത്ത് ഇതിനായി കെട്ടിടം നിർമ്മിക്കാൻ നിലവിൽ സ്ഥലം ലഭ്യമല്ലെന്ന് മാത്രമല്ല നിലവിലെ നിയമപ്രകാരം ഫയർ ഫൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയ കെട്ടിടത്തിന് ഫയർ അതോറിറ്റികളിൽ നിന്ന് എൻഒസി ലഭിക്കണമെങ്കിൽ കെട്ടിടം മുഴുവൻ ഫയർ ഫൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടെന്നും, ആയതിന് നിലവിൽ ഭരണാനുമതി ലഭിച്ച തുക അപര്യാപ്തമാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ ഫയർ ഫൈറ്റിംഗ്

സംവിധാനത്തോടുകൂടിയ പുതിയ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ 26.20 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സഹിതമുള്ള പൊതുമരാമത്ത് വകുപ്പിന്റെ മാസ്റ്റർ പ്ലാൻ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോഴിക്കോട് കളക്ടറേറ്റിൽ ഫയർ ഫൈറ്റിംഗ് സംവിധാനം ഏർപ്പെടുന്നതിന് അനുവദിച്ച 8,06,350/- രൂപയുടെ ഭരണാനുമതി 'കോഴിക്കോട് സിവിൽ സ്റ്റേഷനിലെ ഫെയർ കോപ്പി സെക്ഷൻ നവീകരണം" എന്ന പ്രവൃത്തിയ്ക്ക് മാറ്റി അനുവദിക്കണമെന്ന്, പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 8,06,348/- രൂപയുടെ എസ്റ്റിമേറ്റ് സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2022–23 സാമ്പത്തിക വർഷം കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതി പ്രകാരം കോഴിക്കോട് സിവിൽ സ്റ്റേഷനിൽ ഫയർ ഫൈറ്റിംഗ് സംവിധാനവും വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിനുമായി നൽകിയ ഭരണാനുമതി 'കോഴിക്കോട് സിവിൽ സ്റ്റേഷനിലെ പഴയ ഫെയർ കോപ്പി സെക്ഷൻ നവീകരണം' എന്ന പ്രവൃത്തിയ്ക്ക് മാറ്റി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 30-11-2024 12:38:35